# 'ആത്മഭാഷണങ്ങൾ' കവിതാ സമാഹാരം പ്രകാശനം ചെയ്തു

**തൃശൂർ:** തനിമ കലാസാഹിത്യവേദി തൃശൂർ ജില്ലാ ഘടകം പ്രസിദ്ധീകരിക്കുന്ന കെ.എം അക്ബറിന്റെ ആത്മഭാഷണങ്ങൾ എന്ന കവിതാ സമാഹാരം ദൂരദർശൻ ന്യൂസ് റീഡർ ആർ. ബാലകൃഷ്ണന് നൽകി കവിയും ഗാനരചയിതാവുമായ റഫീഖ് അഹമ്മദ് പ്രകാശനം നിർവഹിച്ചു. പ്രഫ. വി.ജി തമ്പി അധ്യക്ഷത വഹിച്ച ചടങ്ങിൽ പി.കെ ശിവദാസ്, ജമീൽ അഹമ്മദ്, ദീപ്തി ടീച്ചർ, റഷീദ് പാറക്കൽ, റോഷ്നി സ്വപ്ന, എം.ജി ബാബു, ഷലീൽ കല്ലൂർ, പി.എസ് മനോജ് എന്നിവർ സംസാരിച്ചു. തനിമ ജില്ലാ പ്രസിഡന്റ് എ.എസ് ജലീൽ സ്വാഗതവും അനീസ് റഹ്മാൻ നന്ദിയും പറഞ്ഞു.



*ദൂരദർശൻ ന്യൂസ് റീഡർ ആർ. ബാലകൃഷ്ണന് കോപ്പി നൽകി കെ.എം അക്ബറിന്റെ കവിതാസമാഹാരം പ്രശസ്ത കവി റഫീഖ് അഹ്മദ് പ്രകാശനം ചെയ്യുന്നു.*

## തനിമ നാടകപ്പുര

**കുറ്റിപ്പുറം:** നാടക പ്രവർത്തകർക്കുവേണ്ടി തനിമ കലാസാഹിത്യവേദി ഒരുക്കിയ 'നാടകപ്പുര' ശിൽപശാല ശ്രദ്ധേയമായി. നിളയുടെ വിളിപ്പാടകലെ മൂന്ന് ദിവസങ്ങളിലായി നടന്ന ശിൽപശാലയിൽ ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 25 യുവനാടകപ്രവർത്തകർക്കായിരുന്നു പ്രവേശനം. പുതിയ നാടക രീതിയുടെ അരങ്ങ്, അച്ചടക്കം, മെയ്വഴക്കം, ഭാഷ, സംഗീതം തുടങ്ങിയ വിഷയങ്ങൾ ക്യാമ്പിൽ ചർച്ച ചെയ്യപ്പെട്ടു. നാടകകൃത്തും സംവിധായകനുമായ പി.എ.എം ഹനീഫായിരുന്നു ക്യാമ്പ് ഡയറക്ടർ. നാടകപ്രവർത്തകരായ ജയചന്ദ്രൻ തകഴിക്കാരൻ, ജിനോ ജോസഫ് എന്നിവരായിരുന്നു പരിശീലകർ. സമാപന ദിവസം ക്യാമ്പംഗങ്ങൾ തയാറാക്കിയ നാടകങ്ങൾ അവതരിപ്പിച്ചു. തനിമ മുൻ ഡയറക്ടർ നജീബ് കുറ്റിപ്പുറം 'നാടകപ്പുര' ഉദ്ഘാടനം ചെയ്തു. തനിമ സംസ്ഥാന രക്ഷാധികാരി ടി.കെ ഹുസൈൻ ക്യാമ്പംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ജയചന്ദ്രൻ തകഴിക്കാരൻ, ജിനോ ജോസഫ്, ഹിക്മത്തുല്ല, സലിം കുരിക്കളകത്ത്, മുനീബ് കാരക്കുന്ന്, എം.പി.എ ലത്വീഫ് എന്നിവർ സംസാരിച്ചു. മികച്ച ക്യാമ്പ് അംഗമായി മലപ്പുറം ജില്ലയിൽ നിന്നുള്ള ഉമറുൽ ഫാറൂഖ് തെരഞ്ഞെടുക്കപ്പെട്ടു.



*ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി ശിവദാസ് തൈപറമ്പിലിന് കെ.വി ഹനീഫ് ഉപകരണങ്ങൾ കൈമാറുന്നു.*

## സബ് ജയിലിലേക്ക് പുസ്തകങ്ങൾ കൈമാറി

**തിരൂർ:** സബ് ജയിലിലേക്ക് ലൈബ്രറി അലമാര, പുസ്തകങ്ങൾ എന്നിവയും സ്റ്റെതസ്കോപ്പ്, ബി.പി അപ്പാരറ്റസ് തുടങ്ങിയ മെഡിക്കൽ ഉപകരണങ്ങളും നൽകി. ചടങ്ങിൽ എൻ. അബ്ദുൽ മജീദ് അധ്യക്ഷത വഹിച്ചു. ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി ശിവദാസ് തൈപറമ്പ്, ജയിൽ റീജനൽ വെൽഫെയർ ഓഫീസർ വി.പി സുനിൽ കുമാർ എന്നിവർ ഏറ്റുവാങ്ങി. സബ് ജയിലിലേക്കുള്ള *മാധ്യമം* ദിനപത്രം മെജസ്റ്റിക് ജ്വല്ലറി ഉടമ അഹ്മദ്, തിരൂർ സബ് ജയിൽ സൂപ്രണ്ട് കെ. ഹസ്സന് കൈമാറി. കെ.വി ഹനീഫ്, സക്കീർ ഹുസൈൻ, സബ് ജയിൽ സൂപ്രണ്ട് കെ. ഹസൻ, ഹെഡ് വാർഡൻ എം. രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു.

## എസ്.ഐ.ഒ മുറബ്ബി മീറ്റ്

**കൊണ്ടോട്ടി:** എസ്.ഐ.ഒ മെമ്പേഴ്സ് ഗ്രൂപ്പ് മുറബ്ബികൾക്കായി രണ്ട് ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു. കൊണ്ടോട്ടി മർക്കസിൽ നടന്ന ക്യാമ്പ് സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി.ഐ നൗഷാദ് ഉദ്ഘാടനം ചെയ്തു. എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് എസ്. ഇർഷാദ് അധ്യക്ഷത വഹിച്ചു. 'സുന്നത്ത്-ബിദ്അത്ത്, നമ്മുടെ ഫിഖ്ഹീ കാഴ്ച്ചപ്പാട്' എന്ന വിഷയം ശിയാസ് പെരുമാതുറയും 'ഫിഖ്ഹീ മദ്ഹബ്' എന്ന വിഷയം അബ്ദുൽ ബാരിയും അവതരിപ്പിച്ചു. സംസ്ഥാനസമിതിയംഗം നഹാസ് മാള മോഡറേറ്ററായിരുന്നു. 'കർമശാസ്ത്ര സമീപനങ്ങൾ: വിശാല പരിധികൾ,' 'വ്യക്തിത്വ രൂപീകരണം പ്രവാചക മാതൃക' എന്നീ വിഷയങ്ങളിൽ യഥാക്രമം ഇ.എൻ ഇബ്റാഹീം മൗലവി, സി.ടി സാദിഖ് മൗലവി പഠന ക്ലാസ് നടത്തി. ശഹീദ് റമദാൻ നേതൃപരിശീലന സെഷൻ നിയന്ത്രിച്ചു. കെ.വി സഫീർഷാ നന്ദി പറഞ്ഞു.

## ഖുർആൻ ക്യാമ്പ്

2013 മെയ് 4, 5, 6 ദിവസങ്ങളിൽ ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജ് ഇസ്‌ലാമിക് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് സയനോര ഹമീദ് അക്കാദമിയിൽ ഖുർആൻ പഠന പാരായണ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഖുർആൻ പാരായണ നിയമങ്ങൾ പഠിക്കുന്നതോടൊപ്പം മറ്റുള്ളവരെ പഠിപ്പിക്കുന്നതിനു കൂടി പ്രാപ്തരാക്കുക, ഖുർആനികമായ അവബോധം വളർത്തുക എന്നിവ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് ത്രിദിന പഠന ക്യാമ്പ്. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രവേശനം. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഏപ്രിൽ 25 നു മുമ്പായി താഴെ കൊടുത്ത നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യുക. 9400687652 (ഹുസൈൻ മാസ്റ്റർ), 9037493040 (ഗഫൂർ മാസ്റ്റർ).

## പള്ളിക്ക് തറക്കല്ലിട്ടു

**എളമ്പിലാക്കോട്:** ജമാഅത്തെ ഇസ്‌ലാമി എളമ്പിലാക്കോട് ഹൽഖയുടെ ആഭിമുഖ്യത്തിലുള്ള മസ്ജിദുന്നൂറിന്റെ പുനർനിർമാണ തറക്കല്ലിടൽ കർമം ജമാഅത്തെ ഇസ്‌ലാമി ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ നിർവഹിച്ചു. പ്രാദേശിക അമീർ എ. മൂസ അധ്യക്ഷത വഹിച്ചു. സോളിഡാരിറ്റി മലപ്പുറം ജില്ലാസമിതിയംഗം ഡോ. കെ.എ വഹാബ്, ടി. അബ്ദുൽ മജീദ് സംസാരിച്ചു.



*ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ മസ്ജിദ് പുനർനിർമാണത്തിന് തറക്കല്ലിടുന്നു*

## ബാഡ്മിന്റൺ ടൂർണമെന്റ്

**മുക്കം:** 'സോളിഡാരിറ്റിയുള്ള കേരളത്തിന് പത്തുവയസ്സ്' ദശവാർഷികാഘോഷങ്ങളുടെ ഭാഗമായി സോളിഡാരിറ്റി കൊടിയത്തൂർ ഏരിയാ കമ്മറ്റി ഷട്ടിൽ ടൂർണമെന്റ് സംഘടിപ്പിച്ചു. സ്മാഷ് തോട്ടുമുക്കം ജേതാക്കളായി. ടീപൈകോ ചെറുവാടി റണ്ണേഴ്സ് കപ്പ് നേടി. വിജയികൾക്കുള്ള ട്രോഫിയും പ്രൈസ്മണിയും സോളിഡാരിറ്റി കൊടിയത്തൂർ ഏരിയാ പ്രസിഡന്റ് കെ.സി അൻവർ, രാജു നെല്ലിക്കാപറമ്പ്, അബ്ദുൽ ഹമീദ് കണ്ണഞ്ചേരി എന്നിവർ വിതരണം ചെയ്തു. ടൂർണമെന്റിലെ 'ബെസ്റ്റ് പ്ലെയർ' ആയി മുക്കം ഡപ്പ സ്പോർട്സിലെ നവനീതിനെ തെരഞ്ഞെടുത്തു. മുഹമ്മദ് ബാവ, പി.കെ അശ്റഫ്, പി. സാലിം, കെ.സി ജാസർ, നിയാസ് കണ്ണഞ്ചേരി സംസാരിച്ചു.



*വിജയികൾക്കുള്ള ട്രോഫി കെ.സി അൻവർ വിതരണം ചെയ്യുന്നു*

## സോളിഡാരിറ്റി പ്രവർത്തന ഫ്

**കുന്ദമംഗലം:** സോളിഡാരിറ്റി കുന്ദമംഗലം യൂനിറ്റ് പ്രവർത്തന ഫണ്ട് ഉദ്ഘാടനം പ്രശസ്ത സാഹിത്യകാരൻ കാനേഷ് പൂനൂർ നിർവഹിച്ചു. യൂനിറ്റ് പ്രസിഡന്റ് എം.പി ഫാസിൽ മാസ്റ്റർ ഏറ്റുവാങ്ങി. ഇ.പി ഉമർ, യൂസുഫ് മാസ്റ്റർ, എൻ. ദാനിഷ്, എം.പി അഫ്സൽ നേതൃത്വം നൽകി.

**കാഞ്ഞിരപ്പള്ളി:** സോളിഡാരിറ്റി പ്രവർത്തന ഫണ്ട് സമാഹരണം കാഞ്ഞിരപ്പള്ളി ഏരിയാ തല ഉദ്ഘാടനം സംസ്ഥാന വനിതാ കമ്മീഷൻ അംഗം പ്രമീളാദേവി നിർവഹിച്ചു. ഏരിയാ സെക്രട്ടറി യാസിർ ഫണ്ട് ഏറ്റുവാങ്ങി. ഏരിയാ കമ്മിറ്റി അംഗങ്ങളായ സമദ്, ഇഖ്ബാൽ, അബ്ദുൽ ഹയ്യ് സംബന്ധിച്ചു.




സുലൈമാൻ ഊരകം
kpsulaimanurakam@gmail.com

**ടെറ്റ് പരീക്ഷാ പരിശീലനം കൊണ്ടോട്ടി മർകസിൽ**

കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്, സെൻട്രൽ എലിജിബിലിറ്റി ടെസ്റ്റ്, എൽ.പി സ്കൂൾ അസിസ്റ്റന്റ്, യു.പി സ്കൂൾ അസിസ്റ്റന്റ് പരീക്ഷകൾക്ക് തയാറെടുക്കുന്ന ഉദ്യോഗാർഥികൾക്ക് കൊണ്ടോട്ടി മർകസിൽ തീവ്രപരിശീലനം നൽകുന്നു. കോച്ചിംഗ് പ്രോഗ്രാമിന് പ്രഗത്ഭരും പരിചയ സമ്പന്നരുമായ അധ്യാപകർ നേതൃത്വം നൽകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ കൊണ്ടോട്ടി മർകസ് ഓഫീസിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 9645006098, 9947838042.

**ദൽഹി ജാമിഅഃ മില്ലിയ്യ വിളിക്കുന്നു**

കേന്ദ്ര സർക്കാർ അധീനതയിൽ പ്രവർത്തിക്കുന്ന ദൽഹിയിലെ ജാമിഅഃ മില്ലിയ്യ ഇസ്‌ലാമിയ്യ യൂനിവേഴ്സിറ്റി വിവിധ വിഷയങ്ങളിലെ ഡിഗ്രി, പി.ജി അപേക്ഷ സ്വീകരിച്ചുതുടങ്ങി. BA/MA എന്നിവയിൽ English, Hindi, Urdu, Arabic, Perssian, Turkish, Islamic Studies, Media (Hindi), Hotel Management, History, Fine Arts, Economics, Sociology, Political Science, Public Administration, Human Rights, Psychology, Geography, BBS, B.Com, M.Com, MBA, MCA, MSW, BSc/MSc എന്നിവയിൽ Physics, Chemistry, Maths, Instrutmentation, Bio-Science, Bio-Technology, Bio-Chemistry, Bio-Informatics, Tech-Instrial Maths, Computer Science, B.Ed, MEd, Educational Administration and Planning എന്നീ കോഴ്സുകളും കൂടാതെ വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമകളും ലഭ്യമാണ്. അവസാന തീയതി: മെയ് 8. www.jmi.ac.in/studyatjamia/admissionnotification2013. SIO Helpline: 09582919223, 9953142975

**സി.ഡി.എസ്സിൽ MA/Mphil/Phd**

തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ (CDS) Economics ൽ MA, Mphil, phD എന്നിവക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്കും അവസാന വർഷ ബിരുദക്കാർക്കും MA ക്ക് ഏപ്രിൽ 26 വരെ അപേക്ഷിക്കാം. ഏതെങ്കിലും വിഷയത്തിൽ 55 ശതമാനം മുകളിൽ മാർക്ക് ഉള്ളവർക്ക് ഗവേഷണത്തിനും മെയ് 25 വരെ അപേക്ഷിക്കാം. കോഴ്സ് പൂർത്തിയായവർക്ക് ദൽഹിയിലെ ജവഹർലാൽ നെഹ്റു യൂനിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റാണ് നൽകുക. www.cds.edu. 04712774200/2448881

**പത്രപ്രവർത്തനം**

**AJK Mass communication & Journalism**

ഏഷ്യയിൽ തന്നെ മാധ്യമ പഠനത്തിന് പ്രസിദ്ധമായ ദൽഹി ജാമിഅഃ മില്ലിയ്യ ഇസ്‌ലാമിയ്യ യൂനിവേഴ്സിറ്റിയുടെ അൻവർ ജമാൽ കിദ്വായി മാധ്യമ ഗവേഷണ കേന്ദ്രം നടത്തുന്ന വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. MA Mass Communication, MA in Visual Effects & Animation, PG Diploma in Still Photography & Visual Communication, P.G in Broadcasting Technology, Diploma in Acting തുടങ്ങിയവയാണ് കോഴ്സുകൾ. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും നിയമനം. അവസാന തീയതി: മെയ് 8. www.ajkmcrc.org. 09953142975

**ഏഷ്യൻ കോളേജ് ചെന്നൈ**

ചെന്നൈ ആസ്ഥാനമായ ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം 2013-14 അധ്യയന വർഷത്തെ പി.ജി ഡിപ്ലോമ പ്രോഗ്രാമിന്റെ പ്രവേശന പരീക്ഷക്ക് ഏപ്രിൽ 30 വരെ അപേക്ഷിക്കാം. പ്രിന്റ് മീഡിയ, ന്യൂ മീഡിയ, ടെലിവിഷൻ & റേഡിയോ തുടങ്ങിയവ ഐഛിക വിഷയങ്ങളാണ്. മെയ് 19 ന് നടക്കുന്ന പ്രവേശന പരീക്ഷക്ക് കേരളത്തിൽ കൊച്ചിയിലും തിരുവനന്തപുരത്തും പരീക്ഷാ കേന്ദ്രമുണ്ട്. www.asianmedia.org

## വാർത്തകൾ

# റോഹിങ്ക്യ: മുസ്‌ലിം ലോകം മൗനം വെടിയണം



*മ്യാന്മർ എംബസിയിലേക്ക് മജ്‌ലിസെ മുശാവറയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധമാർച്ച്*

**ന്യൂദൽഹി:** മ്യാന്മറിൽ റോഹിങ്ക്യൻ മുസ്‌ലിംകൾക്കെതിരെ നടക്കുന്ന മനുഷ്യഹത്യയിൽ പ്രതിഷേധിച്ച് മുസ്‌ലിം മജ്‌ലിസെ മുശാവറെയുടെ കീഴിൽ മുസ്‌ലിം സംഘടനകളും മനുഷ്യാവകാശ സംഘടനകളും സംയുക്തമായി ദൽഹിയിലെ മ്യാന്മർ എംബസിയിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. മുശാവറെ പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാം ഖാൻ മാർച്ച് ഉദ്ഘാടനം ചെയ്തു. മ്യാന്മറിലെ ന്യൂനപക്ഷ മുസ്‌ലിംകൾ വേട്ടയാടപ്പെടുമ്പോൾ ഇന്ത്യൻ മുസ്‌ലിംകൾക്ക് മൗനം പാലിക്കാൻ സാധിക്കില്ലെന്നതിന്റെ അടയാളമാണ് ഈ പ്രതിഷേധ മാർച്ചെന്ന് അദ്ദേഹം പറഞ്ഞു. ലോക മുസ്‌ലിംകൾ ഒന്നടങ്കം ഈ മാതൃക സ്വീകരിച്ച് മ്യാന്മറിലെ മനുഷ്യഹത്യക്കെതിരെ രംഗത്ത് വരണമെന്നും സഫറുൽ ഇസ്‌ലാം ഖാൻ ആവശ്യപ്പെട്ടു. മ്യാന്മറിലെ നോബൽ സമ്മാന ജേതാവ് ആംഗ്‌സാൻ സൂചിയും ഇന്ത്യൻ ഭരണകൂടവും മൗനം വെടിഞ്ഞ് ഈ കിരാത നടപടികൾ അവസാനിപ്പിക്കാൻ മുൻകൈയെടുക്കണമെന്ന് തുടർന്ന് സംസാരിച്ച ജമാഅത്തെ ഇസ്‌ലാമി ദേശീയ സെക്രട്ടറി മുഹമ്മദ് അഹ്മദ് ആവശ്യപ്പെട്ടു. വെൽഫെയർ പാർട്ടി ജനറൽ സെക്രട്ടറി ഡോ. എസ്.ക്യു.ആർ ഇൽയാസ്, അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ സിവിൽ റൈറ്റ്സ് നാഷണൽ കോ-ഓർഡിനേറ്റർ അഖ്‌ലാഖ് അഹ്മദ്, അഹ്‌ലെ ഹദീസ് നേതാവ് ശീസ് തൈമി, എസ്.ഐ.ഒ ദേശീയ സെക്രട്ടറി ഖാലിഖ് സഫർ സംസാരിച്ചു.

# ആസ്ത്രേലിയയിൽ ത്രിദിന മലയാളി മുസ്‌ലിം ക്യാമ്പ്


*ആസ്ത്രേലിയയിൽ നടന്ന മലയാളി മുസ്‌ലിം ത്രിദിന കൂട്ടായ്മയിൽ പങ്കെടുത്തവർ*

**മെൽബൺ:** ആസ്ത്രേലിയൻ മലയാളി ഇസ്‌ലാമിക് അസോസിയേഷൻ (എ.എം.ഐ.എ) മെൽബണും സിഡ്നിയും സംയുക്തമായി ത്രിദിന ഇസ്‌ലാമിക് ക്യാമ്പ് സംഘടിപ്പിച്ചു. ഡോ. ഷബീർ (സിഡ്നി), സമീൽ (മെൽബൺ), റഫീക്ക് (മെൽബൺ) എന്നിവരാണ് മൂന്ന് ദിവസം നീണ്ടുനിന്ന ക്യാമ്പ് നിയന്ത്രിച്ചത്. സിഡ്നിയുടെയും മെൽബണിന്റെയും മധ്യത്തിലുള്ള വാഗ്ഗവാഗ്ഗയാണ് ക്യാമ്പിനായി തെരഞ്ഞെടുത്തത്. കുട്ടികളടക്കം നൂറ് പേരടങ്ങിയ ക്യാമ്പ് വളരെയധികം ശ്രദ്ധിക്കപ്പെട്ടു. മാർച്ച് 30, 31, ഏപ്രിൽ 1 തീയതികളിലായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഡോ. ഖാസിം ചേലാട്ട് ഖുർആനും ശാസ്ത്രവും എന്ന വിഷയവും, ബ്രിസ്ബൈനിൽ നിന്ന് വന്ന ഇമാം അമീർ ഹസ്സൻ 'മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധം ഇസ്‌ലാമിൽ' എന്ന വിഷയവും അവതരിപ്പിച്ചു. മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസ്, കായിക വിനോദങ്ങൾ, സൗഹൃദ മത്സരങ്ങൾ, ചിത്രരചനാ മത്സരം, കഥ പറയൽ മത്സരം, ഖുർആൻ പാരായണ മത്സരം എന്നിവയും നടന്നു. ഫിയാഫർ (സിഡ്നി) സ്വാഗതവും നിസാർ മെൽബൺ നന്ദിയും പറഞ്ഞു.

# ബംഗ്ലാദേശ് 'യുദ്ധക്കുറ്റം'- സായാഹ്ന ചർച്ച



*മാധ്യമം എഡിറ്റർ ഒ. അബ്ദുറഹ്മാൻ സംസാരിക്കുന്നു.*

**കോഴിക്കോട്:** 'യുദ്ധക്കുറ്റം: ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രം ചികയുന്നു' എന്ന പേരിൽ കോഴിക്കോട് വിദ്യാർഥി ഭവനിൽ എസ്.ഐ.ഒ സായാഹ്ന ചർച്ച സംഘടിപ്പിച്ചു. വിഘടനവാദത്തിനെതിരെ നിലകൊണ്ട ജമാഅത്തിന്റെ നിലപാടിനെയാണ് യുദ്ധക്കുറ്റമായി ആരോപിക്കുന്നതെന്ന് *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ പറഞ്ഞു. ബംഗ്ലാദേശ് സർക്കാറിന്റെ നടപടി തികഞ്ഞ ഏകാധിപത്യ പ്രവണതയാണെന്നും യുദ്ധക്കുറ്റാരോപണം ഭരണകൂട പ്രഹസനമാണെന്നും തുടർന്നു സംസാരിച്ച ഐ.പി.എച്ച് ചീഫ് എഡിറ്റർ വി.എ കബീർ പറഞ്ഞു. മലേഷ്യൻ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി ഗവേഷകൻ ആർ. യൂസുഫ്, എം.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ് പ്രൊഫസർ വി.എം ബദീഉസ്സമാൻ തുടങ്ങിയവർ സംസാരിച്ചു. എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് എസ്. ഇർഷാദ് അധ്യക്ഷത വഹിച്ചു. സംസ്ഥാന സമിതിയംഗം പി.പി ജസീം സ്വാഗതം പറഞ്ഞു.